**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4064** **15-07-2022 - ൽ മറുപടിയ്ക്ക്**

**ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നൽകുന്നത്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. ജനോപകാരപ്രദമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും അതിന്റെ ആനുകൂല്യം എത്രയും വേഗം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾ മാത്രം പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ ഏറ്റെടുക്കുക, പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കുന്നത് മുതൽ തന്നെ പദ്ധതികളുടെ മോണിട്ടറിംഗ് കൃത്യമായ ഇടവേളകളിൽ നടത്തുക, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും അവലോകന യോഗങ്ങൾ നടത്തുക എന്നിവയിലൂടെ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ബ്ലോക്ക് പഞ്ചായത്തുകൾ വഴി നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ഗുണഭോക്താവിന് ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | PMAY, സംയുക്ത പ്രോജക്ടുകൾ എന്നിവ മുഖേനയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ ഓൺലൈൻ സംവിധാനം മുഖേന കാലതാമസം കൂടാതെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ